# കേരളസർവകലാശാല

നം.പി.ആർ.215/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

**ഒന്നാംവർഷ ബിരുദ പ്രവേശനം 2020 നാലാം അലോട്ട്മെന്റ് (2nd സപ്ലിമെന്ററി)**
**കോളേജ് പ്രവേശനം 06.11.2020 മുതൽ 11.11.2020 വരെ**

കേരളസർവകലാശാല ഒന്നാംവർഷ ബിരുദ പ്രവേശനത്തിനായുള്ള നാലാം അലോട്ട്മെന്റ് (2nd സപ്ലിമെന്ററി) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് നാലാം അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് ഹയർ ഓപ്ഷൻ നിലനിർത്തിയിട്ടുള്ളവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. നവംബർ 6 മുതൽ നവംബർ 11 വരെയാണ് കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിതതീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. നവംബർ 11 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണെന്ന കാര്യം ശ്രദ്ധിക്കുക.

താൽക്കാലിക അഡ്മിഷൻ (Temporary/Provisional Admission) സൗകര്യം നാലാം അലോട്ട്മെന്റ് മുതൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ താൽക്കാലിക (Temporary) അഡ്മിഷൻ എടുത്ത് നിൽക്കുന്നവർ നാലാം അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലെങ്കിൽ പോലും കോളേജിൽ നേരിട്ട് ഹാജരായി നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent അഡ്മിഷൻ എടുക്കേണ്ടതാണ്. ഇപ്രകാരം Temporary അഡ്മിഷൻ എടുത്തവർക്ക് Permanent അഡ്മിഷനിലേക്ക് മാറുന്നതിനുള്ള അവസാന തീയതി നവംബർ 11 ആണ്. അതിനുള്ളിൽ Permanent അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ ക്യാൻസൽ ആവുന്നതും അവർ അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താവുന്നതും ആ സീറ്റുകൾ ഒഴിവുകളായി പരിഗണിച്ച് അടുത്ത അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമാണ്.

Permanent Admission എടുക്കുന്നതിന് വിദ്യാർത്ഥികൾ നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക. പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താൻ സാധിക്കുന്നതല്ല. മുൻപ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ എടുത്തവർ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ

കിട്ടുന്ന പക്ഷം അത് കോളേജിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി) സൈക്കോളജി, സ്റ്റാറ്റിസ്റ്റിക്സ്, സുവോളജി, ബയോകെമിസ്ട്രി, കെമിസ്ട്രി, ജിയോളജി, ഫിസിക്സ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം നവംബർ 10, 9, 18, 10, 10, 12, 9 എന്നീ തീയതികളിൽ നടത്തുന്നതാണ്. മൈക്രോബയോളജി പ്രാക്ടിക്കൽ പരീക്ഷ നവംബർ 9 ന് പകരം നവംബർ 10 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് (റെഗുലർ/ബ്രിഡ്ജ്) – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിനുള്ള (റെഗുലർ/ബ്രിഡ്ജ് 2019 – 20) അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. അപേക്ഷാഫോം സർവകലാശാല വെബ്സൈറ്റിലെ www.research.keralauniversity.ac.in ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ അപേക്ഷാഫോമും അനുബന്ധരേഖകളും രജിസ്ട്രാർ, കേരള സർവകലാശാല, എസ്.എച്ച്. ക്യാമ്പസ്, പാളയം തിരുവനന്തപുരം 695034 എന്ന വിലാസത്തിൽ നവംബർ 30 ന് 5 മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

## പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിന് 2020 – 21 ലേക്കുള്ള അഡ്മിഷന് വേണ്ടി യുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി.. അപേക്ഷ സമർപ്പിക്കേണ്ട അവ സാന തീയതി നവംബർ 20. ഫോൺ: 0471 2308214. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ എം.എഡ്. 2017 – 2019 ബാച്ച് (സി.എസ്.എസ്.) പുതുക്കിയ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

2020 ജൂലൈയിൽ നടത്തിയ എം.എഡ്., എം.എസ്.സി. എൻവയോൺമെന്റൽ സയൻസ് 2018 –2020 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## പരീക്ഷാഫീസ്

ബി.എഫ്.എ. (എച്ച്.ഐ.) നാലാം സെമസ്റ്റർ (പുതിയ സ്കീം) പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 12 വരെയും 150 രൂപ പിഴയോടെ നവംബർ 17 വരെയും 400 രൂപ പിഴയോടെ നവംബർ 19 വരെയും അപേക്ഷിക്കാം.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

04.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098